ശ്രീ. കെ. പങ്കജാക്ഷൻ: അങ്ങനെ പ്രത്യേകമായി പരാതികൾ ലഭിക്കുന്ന സന്ദർഭങ്ങളിൽ മാനേജ്മെന്റുകളെ നിർബന്ധിക്കുന്നതിനാവശ്യമായ സമ്മർദ്ദ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇതിന് ചീഫ് ഇൻസ്പെക്ടർ ഓപ്പറേഷന് ആവശ്യമായ അധികാരങ്ങളുണ്ട്.

ശ്രീ. എ. എം. പരമൻ: മറ്റ് പല വിഭാഗം തൊഴിലാളികൾക്കും പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുപോലെ തോട്ടം തൊഴിലാളികൾക്കും പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് വല്ല നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത് സ്വീകരിക്കാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ഇവർക്ക് പെൻഷൻ ഉൾപ്പെടെ ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിനാണ് നിർദ്ദേശമുള്ളത്. അത് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. സി. ടി. കൃഷ്ണൻ: ഇന്ന് കൺസിലിയേഷൻ കോൺഫറൻസുകൾ ഒരു പ്രഹസനമാണ്. ബോണസ് കൊടുത്തില്ലെങ്കിലും പണിമുടക്കിയാലും യൂണിയനോ തൊഴിലാളികളോ നോട്ടീസ് കൊടുത്താൽ വിളിച്ചു കൂട്ടുന്ന കൺസിലിയേഷൻ കോൺഫറൻസുകളിൽ തോട്ടം മുതലാളിമാർ പങ്കെടുക്കാറില്ല. ഫോൺ ചെയ്ത് പറയുക, ഒരു കത്ത് കൊടുത്തയക്കുക, യാതൊരു വിവരവും കൊടുക്കാതെ വരാതിരിക്കുക ഇതൊക്കെയാണ് ചെയ്യുന്നത്. അതിനാൽ ഈ കമ്മീഷന്റെ പരിധിയിൽ കൺസിലിയേഷൻ കോൺഫറൻസുകൾക്ക് മാനേജ്മെന്റിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: അത്തരം കൺസിലിയേഷൻ കോൺഫറൻസുകളിൽ പങ്കെടുക്കാതിരിക്കുന്ന തോട്ടമുടമാ പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിന് ഇപ്പോൾ തന്നെ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്ങനെ എന്തെങ്കിലും തോട്ടമുടമ മനപൂർവ്വമായി ഒഴിഞ്ഞുമാറുന്നു എന്നു കണ്ടാൽ മറ്റ് രീതിയിൽ നടപടികൾ സ്വീകരിക്കാൻ ലേബർ ഡിപ്പാർട്ടുമെന്റിലെ കൺസിലിയേഷൻ ഓഫീസർമാർക്ക് അധികാരമുണ്ട്.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം

* 7 [195] ശ്രീ. സി. ടി. കൃഷ്ണൻ:
,, ആനത്തലവട്ടം ആനന്ദൻ:
,, കെ. പി. അരവിന്ദാക്ഷൻ:
,, ഒ. ഭരതൻ:
,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം സ്ഥാപനങ്ങളുടെ കണക്കുകളാണ് പ്രസ്തുത വകുപ്പ് പരിശോധിക്കുന്നതെന്ന് പറയാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റിംഗ് വളരെ അധികം കുടിശ്ശികയായി കിടക്കുന്നത് ശരിയാണോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാലാകാലങ്ങളിൽ ആഡിറ്റ് നടത്താതിരിക്കുന്നതിനാൽ ക്രമക്കേടുകൾ കണ്ടുപിടിക്കാൻ കഴിയാതെ വരികയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാർ ശിക്ഷിക്കപ്പെടാതെ റിട്ടയർ ചെയ്തു പോകുന്നതുമായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ):

(എ) ഉണ്ട്.

(ബി) കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, ദേവസ്വം ബോർഡുകൾ, മലബാറിലെ ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെൻറ് സ്ഥാപനങ്ങൾ, ഹൗസിംഗ് ബോർഡ്, റൂറൽ ഡവലപ്പ്മെൻറ് ബോർഡ്, കോടതികൾ (ഡെപ്പോസിറ്റ് അക്കൗണ്ട്സ്), അനാഥശാലകൾ, പോലീസ് വെൽഫെയർ ഫണ്ട്, പോലീസ് സ്പോർട്സ് ഫണ്ട്, ഡിസ്ട്രിക്ട് ബെനവലൻറ് ഫണ്ട്, സ്പോർട്സ് കൗൺസിൽ, ജവഹർ ബാലഭവൻ, ജില്ലാ സൈനിക ബോർഡുകൾ, ലോക്കൽ ലൈബ്രറി അതോറിറ്റികൾ, വായന ശാലകൾക്കുള്ള ബിൽഡിംഗ് ഗ്രാൻറ്, ഡവലപ്പ്മെൻറ് അതോറിറ്റികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ആഡിറ്റ് ഈ വകുപ്പ് നിർവഹിക്കുന്നു.

(സി) കുടിശ്ശിക ഉണ്ടെന്നുള്ളത് ശരിയാണ്.

(ഡി) അങ്ങനെയുള്ള കേസ്സുകളൊന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. ടി. കൃഷ്ണൻ: ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെൻറിന്റെ പ്രവർത്തനത്തിൽ ധാരാളം കുടിശ്ശികകളുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ കുടിശ്ശികകളുടെ ഒരു ഏകദേശ രൂപമോ അല്ലെങ്കിൽ വ്യക്തമായി എത്ര സ്ഥാപനങ്ങളുടെ കുടിശ്ശിക ഉണ്ട്, അല്ലെങ്കിൽ എത്ര വർഷത്തെ കുടിശ്ശിക പരിശോധന ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. വിശ്വനാഥമേനോൻ: വളരെയധികം കുടിശ്ശികകൾ ഉണ്ട്. അതിന്റെ വിശദമായ റിപ്പോർട്ട് ഇപ്പോൾ എന്റെ കയ്യിൽ ഇല്ല. പക്ഷെ, ഇത് ഉണ്ട് എന്നുള്ള നിലയ്ക്ക് കാണുകയും ഇതിനെക്കുറിച്ച് പഠിക്കാൻ വേണ്ടി ഫൈനാൻസ് ഡിപ്പാർട്ട്മെൻറിലെ സ്പെഷ്യൽ സെക്രട്ടറി മോഹൻദാസിനെ ഒരു ഏകാംഗ കമ്മീഷനായിട്ട് വയ്ക്കുകയും അദ്ദേഹത്തിന്റെ റിപ്പോർട്ട് ഇപ്പോൾ സർക്കാരിന് സബ്മിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ വേണ്ട വ്യതിയാനങ്ങൾ വരുത്താനായിട്ട് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സി. ടി. കൃഷ്ണൻ: ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെൻറിന്റെ പ്രവർത്തനം മാത്രമല്ല എല്ലാ സഹകരണ സംഘങ്ങളിലും മറ്റ് വിധത്തിലുമൊക്കെയുള്ള ആഡിറ്റുകൾ അതാത് സമയങ്ങളിൽ കാലാകാലങ്ങളിൽ നടക്കാറില്ല. ഇവിടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയും

LIBRARY ARCHIVES Kerala Legislative Assembly

പി.യു സി.-യുമൊക്കെ പരിശോധിക്കുന്നതുതന്നെ വളരെ മുമ്പുള്ള വർഷങ്ങളിലെ കണക്കുകളും മറ്റു കാര്യങ്ങളുമാണ്. അതുകൊണ്ട് കുറ്റം ചെയ്യുന്നവരെ കണ്ടുപിടിക്കാനോ ശിക്ഷിക്കാനോ യാതൊരു നടപടി ക്രമങ്ങളും ഇല്ല. ഈ സാഹചര്യത്തിൽ അതാത് കൊല്ലങ്ങളിൽ ഇല്ലെങ്കിലും കഴിഞ്ഞകൊല്ലത്തെ കണക്കുകൾ പരിശോധിക്കാൻ ഇക്കൊല്ലമെങ്കിലും ഒരു സംവിധാനമുണ്ടാക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. വിശ്വനാഥമേനോൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഇത് അതാതു സമയത്ത് നടക്കുകയാണെങ്കിൽ കുറേക്കൂടി പ്രോംപ്റ്റ് ആയിട്ട് ചെയ്യാൻ സാധിക്കും. അത് ചെയ്യാത്തതുകൊണ്ടാണ് വളരെയധികം വൈകുന്നതും പല കുറ്റവാളികളും രക്ഷപ്പെടുന്നതും. ഇത് ഒരു വസ്തുതയാണ്. അത് എങ്ങനെ ചെയ്തു തീർക്കാമെന്നുള്ളതിനെക്കുറിച്ച് പഠനം നടത്തിയിട്ടാണ് ഇപ്പോൾ റിപ്പോർട്ട് കിട്ടിയിരിക്കുന്നത്. പക്ഷെ ഇതുകൊണ്ടു മാത്രം ശരിയാകുമെന്നു തോന്നുന്നില്ല. പുതുതായിട്ട് നിലവിൽ വന്നിട്ടുള്ള ജില്ലാ കൗൺസിലുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെൻറിനെക്കൊണ്ട് ആഡിറ്റ് ചെയ്യിപ്പിച്ചാൽ എങ്ങനെ ആകുമെന്നുള്ളതിനെക്കുറിച്ച് പഠിക്കുന്നതിനു വേണ്ടി ഒരു റിട്ടയേർഡ് അക്കൗണ്ടൻറ് ജനറൽ ശ്രീ. സുന്ദരേശനെ സ്പെഷ്യൽ ഓഫീസറായിട്ട് നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തിൻറെ പഠന റിപ്പോർട്ട് ഏതാനും ദിവസങ്ങൾക്കുള്ളിൽ സബ്മിറ്റ് ചെയ്യും.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: കുടിശ്ശിക വന്നിരിക്കുന്നത് തീർക്കാൻ കമ്മീഷനെ വച്ചതുകൊണ്ട് കാര്യമുണ്ടെന്നു തോന്നുന്നില്ല. മറിച്ച് ഈ കുടിശ്ശിക തീർക്കുന്നതിനാവശ്യമായ സംവിധാനം ഒന്നുകിൽ സി.എ. പാസായിട്ടുള്ള ആഡിറേഴ്സിനെക്കൊണ്ട് ആഡിറ്റ് ചെയ്യിപ്പിക്കുകയോ അല്ലെങ്കിൽ ചാർട്ടേഡ് അക്കൗണ്ടൻറ്സിനെക്കൊണ്ട് ആഡിറ്റ് ചെയ്യിപ്പിക്കുകയോ ചെയ്തത് ഈ കുടിശ്ശിക തീർക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. വിശ്വനാഥമേനോൻ: കുടിശ്ശിക വരുന്നതിന് രണ്ടു വശങ്ങളുണ്ട്. ഒന്ന്, ഒരു മുനിസിപ്പാലിറ്റിയുടെ കാര്യം എടുക്കാം. ആ മുനിസിപ്പാലിറ്റി ശരിയായ കണക്ക് വച്ചില്ലെങ്കിൽ ഇവർ അവിടെ പോയി ആഡിറ്റ് ചെയ്തിട്ട് കാര്യമൊന്നുമില്ല. ഉദാഹരണത്തിന് തിരുവനന്തപുരം കോർപ്പറേഷൻ, കൊച്ചി കോർപ്പറേഷൻ മുതലായിട്ടുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ തന്നെ പക്കാ കണക്ക് ഇല്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഇവിടെ അവർ ചെന്നാലും ആഡിറ്റ് ചെയ്തു തീർക്കാൻ സാധിക്കുന്നില്ല. ആ ഡിഫിക്കൽറ്റിയും ഉണ്ട്. രണ്ടുംകൂടി കോ-ഓർഡിനേറ്റ് ചെയ്താൽ മാത്രമേ കാര്യം ശരിയാകുകയുള്ളു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തുന്നത് ഒരു ഉദ്ദേശത്തോടുകൂടി ആയിരിക്കും. തക്കസമയത്ത് പരിശോധന നടന്നാലേ ക്രമക്കേട് കണ്ടുപിടിക്കാൻ സാധിക്കുകയുള്ളു. അങ്ങനെയുള്ളപ്പോൾ ആരാണ് ഇതിൻറെ കുടിശ്ശിക വരുത്തിയതിൻറെ ഉത്തരവാദി എന്ന് കണ്ടുപിടിച്ച് നടപടികൾ സ്വീകരിക്കുകയും ആഡിറ്റിൻറെ കുടിശ്ശിക തീർന്നില്ലെങ്കിൽ ഇനിയും ഓരോ വർഷവും

LIBRARY ARCHIVES Kerala Legislative Assembly

ഇതിനോടൊപ്പം കൂടിശ്ശിക പെരുകി വരികയും ചെയ്യും. അതിന് അടിയന്തിരമായ ഒരു സംവിധാനമുണ്ടാക്കി ഇതിന് കാലതാമസം വരുത്തിയവരുടെ പേരിൽ നടപടികളും സ്വീകരിക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. വി. വിശ്വനാഥമേനോൻ: ഈ കുഴപ്പങ്ങൾ ഉണ്ടെന്നുള്ളത് ഞാൻ സമ്മതിക്കുന്നു. ഇതിനെപ്പറ്റി തരോ ആയിട്ട് പഠിച്ച് എന്താണ് ചെയ്യേണ്ടതെ് എന്നുള്ള അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട് കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വേണ്ട കാര്യങ്ങൾ ചെയ്യുന്നതായിരിക്കും.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: കമ്മീഷന്റെ റിപ്പോർട്ട് കിട്ടി വിശദമായി പഠിച്ച് പരിഹാരം തേടുകയാണെന്നു പറഞ്ഞാൽ അതിന് കാലതാമസം വരും. അതോടൊപ്പം ജില്ലാ ഭരണനിയമം അടക്കമുള്ള പല നിയമനിർമ്മാണത്തിലും ആഡിറ്ററിന്റെ ചുമതല ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിച്ചിട്ടുണ്ട് എന്നുള്ള സ്ഥിതി കണക്കിലെടുത്തുകൊണ്ട് വളരെ ചുരുങ്ങിയ കാര്യങ്ങൾ നിറവേറ്റാൻ വേണ്ടി ഉണ്ടാക്കിയ ആ ഡിപ്പാർട്ട്മെന്റിന്റെ സ്റ്റാഫിന്റെ അപര്യാപ്തത ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് അത് സ്ട്രെംഗ്തൻ ചെയ്യുന്നതിനുള്ള വല്ല പ്രാഥമിക നടപടികളും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. വിശ്വനാഥമേനോൻ: അവിടെ ആവശ്യത്തിന് സ്റ്റാഫ് ഇല്ല എന്നുള്ള വാദം അവരുടെ ഭാഗത്തുനിന്ന് ഉണ്ട്. അത് ഒരു വസ്തുത യാണ്. പക്ഷെ ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് അതിനുമൊക്കെ ഉദ്ദേശിച്ചുകൊണ്ടാണ് ഈ പഠനം നടത്തിയിരിക്കുന്നത്. പഠനം നടത്തിയ ശേഷം ഇനി ഇപ്പോൾ എന്തുചെയ്യണം എന്നുള്ളതിനെപ്പറ്റിയുള്ള ഡീറെയിൽസ് കിട്ടിയിട്ടുണ്ട്. അത് പഠിച്ചുകൊണ്ടിരിക്കുകയാണ്. അതുകഴിഞ്ഞിട്ട് വേണ്ടതു ചെയ്യും.

ശ്രീ. സി. പി. കുഞ്ഞ്: കോഴിക്കോട് കോർപ്പറേഷൻ അടക്കമുള്ള പല കോർപ്പറേഷനുകളിലും ഡി.സി.ബി. ഏഴു കൊല്ലം എട്ടു കൊല്ലം പൂർത്തിയാകാതെ കിടക്കുന്നുണ്ട്. അതിന്റെ ഫലമായി ആഡിറ്ററിന് തടസ്സം നേരിടുന്നുണ്ട്. ഈ കാര്യം ഗവൺമെന്ററിന്റെ ശ്രദ്ധയിലുണ്ടോ? ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് വല്ല നിർദ്ദേശവുമുണ്ടോ?

ശ്രീ. വി. വിശ്വനാഥമേനോൻ: അത് ഗവൺമെന്ററിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ അവിടത്തെ കണക്കെല്ലാം എഴുതുന്ന കാര്യത്തിൽ മുനിസിപ്പാലിറ്റിയുടെ ഡയറക്ടറും കോർപ്പറേഷന്റെ ഡയറക്ടറുമൊക്കെ പ്രത്യേക താൽപ്പര്യം എടുക്കുന്നുണ്ട്. അവർ അതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്.

സർക്കാർ ജീവനക്കാർക്ക് കാർട്ടേഴ്സ്

* 8 [196] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് അപേക്ഷകളുടെ മുൻഗണനാക്രമമനുസരിച്ചാണോ കാർട്ടേഴ്സ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly